





FAITH HOPE LOVE

Estd: 1890

# Kandathil

## Kudumbayogam Bulletin 2023





Issue No: 29




FAITH
HOPE
LOVE
KANDATHIL
KUDUMBAYOGAM



FAITH HOPE LOVE

Estd: 1890

# കണ്ടത്തിൽ കുടുംബയോഗം

## ബുള്ളറ്റിൻ 2023



കണ്ടത്തിൽ വറുഗീസ് മാപ്പിള



കെ.സി. മാമ്മൻ മാപ്പിള

LOVE
FAITH HOPE
Estd: 1890

# കണ്ടത്തിൽ കുടുംബയോഗം

## ബുള്ളറ്റിൻ 2023

Volume: 29

## അകം


06 From the Secretary's Desk

07 From the Editor's Desk

08 വേരുകൾ തേടി. . .

10 132-ാം കുടുംബയോഗം
- മനസ്സിന്റെ ചെപ്പിൽ സൂക്ഷിക്കാൻ
ഒരു കുടുംബസംഗമംകൂടി

21 Our 132nd Kudumbayogam was conducted on October 24th, 2022

22 ചാപ്റ്റർ പ്രോഗ്രാംസ്
എറണാകുളം

24 കോട്ടയം

25 തിരുവല്ല

27 ബാംഗ്ലൂർ

28 Achievements

29 Missed beyond Measure-

32 Happily Ever After



# പ്രസിഡന്റിൽനിന്നും

*പ്രിയ കുടുംബാംഗങ്ങളെ,*

132-ാം കുടുംബയോഗത്തോടനുബന്ധിച്ച് ഇറങ്ങേണ്ട ബുള്ളറ്റിൻ ആണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. കോണ്ടൂർ റിസോർട്ടിൽ നടന്ന കുടുംബയോഗം പൂർവ്വാധികം ഭംഗിയോടെ നടത്താനിടയായതിൽ സെക്രട്ടറി ദിലീപിനെയും കൺവീനർ മോഹൻ വർഗ്ഗീസിനെയും ഫാമിലി സെഷൻ അവതരിപ്പിച്ച സാജനേയും പ്രത്യേകം അനുമോദിക്കുന്നു. കല്ലൂപ്പാറയിൽവച്ചു നടന്ന മൂത്തേടത്ത് കുടുംബയോഗത്തിൽ സംബന്ധിക്കാനിടയായതിൽ അതിയായ സന്തോഷമുണ്ട്. ഏവർക്കും ഭാസുരമായ ഒരു ഭാവിജീവിതം ആശംസിക്കട്ടെ.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ പ്രമാണങ്ങളുടെ പ്രസക്തി നാൾതോറും കൂടിവരുന്നതായി കാണാം. സ്നേഹത്തിലും ദൈവവിശ്വാസത്തിലും ഊന്നിയ പ്രത്യാശാപൂർണമായ ജീവിതശൈലിയാണ് ഇന്നത്തെ പ്രശ്നങ്ങളുടെ പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത്. സ്നേഹത്തിന്റെയും ക്ഷമയുടേയും പരസ്പര ധാരണയോടെയുള്ള ജീവിതശൈലി പല പ്രശ്നങ്ങളെയും പരിഹരിക്കാൻ ഉതകും. കുടുംബ ജീവിതത്തിന്റെ ഭദ്രതയും, ആരോഗ്യസംരക്ഷണവും, ആവശ്യത്തിനു വ്യായാമവുമാണ് ഇന്നത്തെ കാലുഷ്യം നിറഞ്ഞ ജീവിതസാഹചര്യങ്ങളെ തരണം ചെയ്യാനാവശ്യം. മറ്റുള്ളവരുടെ പ്രശ്നങ്ങളെ സഹാനുഭൂതിയോടെ കണ്ടു സഹായിക്കുന്നതും നമ്മെത്തന്നെ ഒരളവുവരെ സഹായിക്കും. പ്രശ്നങ്ങളെ ധൈര്യമായി സമീപിച്ച് സമചിത്തതയോടെ പ്രവർത്തിക്കുകയാണ് കരണീയം.

ഈ ദുർഘടസമയത്ത് കോവിഡ്ജന്യ രോഗങ്ങളും, യുദ്ധങ്ങളും കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുള്ള പ്രശ്നങ്ങളും മനുഷ്യജീവിതത്തിനു വെല്ലുവിളിയായി തീരാമെങ്കിലും പരസ്പരസ്നേഹത്തിന്റെയും സ്നേഹാധിക്യത്തിന്റെയും അന്തരീക്ഷത്തിൽ അവയെല്ലാം നേരിടാൻ കഴിയണം. എല്ലാ പ്രശ്നങ്ങൾക്കും ദൈവവിശ്വാസത്തിലൂന്നിയ പരിഹാരങ്ങൾ തന്നെ ഉത്തമം. അതിന് സർവേശ്വരൻ സഹായിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ കുടുംബയോഗങ്ങൾ ഭംഗിയായി നടക്കുമെന്ന് പ്രതീക്ഷിച്ചു നിർത്തുന്നു.

എന്ന്,

**കെ.സി. ഫിലിപ്പ്, തയ്യിൽ**

# From the Secretary's Desk



**ദിലീപ് മാത്തുള്ള**
കർത്താലിൽ

*പ്രിയ കുടുംബാംഗങ്ങളെ,*

132-ാം കുടുംബയോഗത്തോടനുബന്ധിച്ച് ഈ വർഷവും കല്ലൂപ്പാറ, കവിയൂർ പള്ളികളിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടു. നമ്മെ വഴിനടത്തിയ പൂർവ്വികരെ അനുസ്മരിച്ച് അവർക്കുവേണ്ടി ധൂപ പ്രാർത്ഥന നടത്തുകയെന്ന പതിവ് കടമ ഈ വർഷവും നാം നിറവേറ്റി. കവിയൂർ പള്ളിയിലെ ധൂപപ്രാർത്ഥനയ്ക്കു ശേഷം പഴയപറമ്പിൽ അലക്സാണ്ടർ കെ. പോത്തൻ വക പ്രഭാത ഭക്ഷണവും നൽകപ്പെടുകയുണ്ടായി. എല്ലാവരോടു മുള്ള നന്ദി അറിയിക്കുന്നു.

2022 ഒക്ടോബർ മാസം 24-ാം തീയതി കോണ്ടൂർ റിസോർട്ടിൽവച്ച് കോവിഡാനന്തരം നടത്തപ്പെട്ട 132-ാം കുടുംബയോഗം കുടുംബാംഗങ്ങളുടെ സജീവ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമായി. അതിനു നേതൃത്വം നൽകിയ മുളപ്പനേട്ട് മോഹൻ വർഗ്ഗീസിനോടും മറ്റ് എല്ലാ ഗവേണിംഗ് കൗൺസിൽ അംഗങ്ങളോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.

കഴിഞ്ഞ മൂന്ന് വർഷത്തെ എൻഡോവ്മെന്റ്, അച്ചീവ്മെന്റ് അവാർഡുകൾ ഈ വർഷം വിതരണം ചെയ്യുവാൻ സാധിച്ചു. പ്രശസ്തമായ നേട്ടങ്ങൾ കൈവരിച്ച എല്ലാ കുടുംബാംഗങ്ങളേയും അനുമോദി ക്കുന്നു.

കഴിഞ്ഞവർഷം വിവാഹ ജീവിതത്തിലേക്കു പ്രവേശിച്ച എല്ലാ കുടുംബാംഗങ്ങൾക്കും ആശംസ നേരുന്നു.

കഴിഞ്ഞവർഷം നമ്മെ വിട്ടുപിരിഞ്ഞ എല്ലാ കുടുംബാംഗങ്ങൾക്കും ആദരാഞ്ജലി അർപ്പിക്കുന്നു.


133-ാം കുടുംബയോഗം 2023 ഒക്ടോബർ 24-ാം തീയതി കോണ്ടൂർ റിസോർട്ടിൽവച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. ജനറൽ കൺവീനറായി കർത്താലിൽ Mrs. അമ്പിളി തോമസിനെ തിരഞ്ഞെടു ത്തു. അമ്പിളി തോമസിന്റെയും ഗവേണിംഗ് കൗൺ സിൽ അംഗങ്ങളുടേയും നേതൃത്വത്തിൽ ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. (ഡോ.) പ്രഫ. വർഗ്ഗീസ് മാത്യു എഡിറ്ററായിട്ടുള്ള എഡിറ്റോറിയൽ ബോർഡ് ബുള്ളറ്റിന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കുടുംബയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങൾ ക്കും എല്ലാവിധ സഹായ സഹകരണങ്ങളും ചെയ്തു തരുന്ന മനോരമ കുടുംബാംഗങ്ങളോടുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

കുടുംബയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങൾ ക്കും നേതൃത്വം നൽകുന്ന പ്രസിഡന്റ് കെ.സി. ഫിലിപ്പ്, ഗവേണിംഗ് കൗൺസിൽ അംഗങ്ങൾ, കുടുംബാംഗ ങ്ങൾ ഏവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. എല്ലാവരുടെയും സഹകരണങ്ങൾ വീണ്ടും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.



# From the Editor's Desk



പ്രിയപ്പെട്ട കുടുംബാംഗങ്ങളെ,

കണ്ടത്തിൽ കുടുംബയോഗ സ്ഥാപകനായ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ 120-ാമത് ചരമവാർഷികമാണ് 2024 ജൂലൈ 6ന് കടന്നു പോയത്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണം മൂലമാണ് 130ൽ അധികം വർഷങ്ങളായി നമുക്ക് ഒരു കുടുംബയോഗമായി നിലനിൽക്കുവാൻ സാധിച്ചത്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലി അർപ്പിക്കുന്നു. 2024ന്റെ മറ്റൊരു വിശേഷം 1818ൽ സ്ഥാപിതമായ കണ്ടത്തിൽ തറവാട് ഇരുനൂറു വർഷത്തിനുശേഷം നമ്മുടെ പഴയപറമ്പിൽ സജി മുന്നിട്ടിറങ്ങി പുനർനിർമിക്കുന്നു എന്നുള്ളതാണ്. അത് ഏതാണ്ട് പൂർത്തീകരണത്തിൽ എത്തിനിൽക്കുന്നു. ഇത്രയുംകാലം നമുക്ക് ഒരുമിച്ച് ഒരു കുടുംബമായി നിലനിൽക്കുവാൻ കഴിഞ്ഞു എന്നുള്ളതു ദൈവനിശ്ചയമാണ്. വരുംകാലങ്ങളിലും നമുക്ക് ഒരുമിച്ചു നിൽക്കാം. കാൽ നൂറ്റാണ്ടിൽ അധികമായി നമ്മുടെ ജിഹ്വയായി പ്രവർത്തിക്കുന്നത് കണ്ടത്തിൽ കുടുംബയോഗ ബുള്ളറ്റിനാണ്. അത് ഇനിയും തുടർന്നു പോകേണ്ടതുണ്ട് എന്നാണ് മിക്ക കുടുംബാംഗങ്ങളും ആഗ്രഹിക്കുന്നത്. എല്ലാവർക്കും മംഗളങ്ങൾ നേർന്നുകൊണ്ട് നിർത്തുന്നു.

സ്നേഹപൂർവം,
**പ്രൊഫ. ഡോ. വറുഗീസ് മാത്യു**, നിരണം
*(എഡിറ്റർ)*

17.07.2024





*പത്മശ്രീ എം.കെ. മാത്തുള്ള*

# വേരുകൾ തേടി. . .



**വറുഗ്ഗീസ് കെ. ചാക്കോ**
**(ബേബി കാക്കോളിൽ)**

*“One's heritage and roots is something to be proud of and cherished”*

കേരളത്തിന്റെ മുൻ മുഖ്യമന്ത്രി യശഃശരീരനായ ഉമ്മൻ ചാണ്ടിയും കണ്ടത്തിൽ കുടുംബവും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ട്. ഉമ്മൻ ചാണ്ടിയുടെ നാട് പുതുപ്പള്ളിയാണെങ്കിലും അദ്ദേഹം ജനിച്ചത് കുമരകം തെക്കുംഭാഗത്തെ ‘ഒരു വട്ടിത്തറ’ എന്ന പ്രശസ്തമായ തറവാട്ടിലാണ്. 175 വർഷം പഴക്കമുള്ള പ്രൗഢമായ ആ തറവാടിന്റെ ഉൾമുറിയിൽ ജനിച്ച ഉമ്മൻ ചാണ്ടി ഉൾപ്പ

ടെയുള്ള മൂന്നുപേർ അതിപ്രശസ്തരായി. ശ്രീമൂലം തിരുനാൾ പ്രജാസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഒ.എം. തോമസ്, പത്മശ്രീ. എം.കെ. മാത്തുള്ള എന്നിവരാണ് മറ്റു രണ്ടുപേർ. ഈ മൂന്നു പ്രശസ്ത വ്യക്തിത്വങ്ങൾ ഈ മുറിയിൽ ജനിച്ചുവീണത് അവരുടെയെല്ലാം അമ്മമാർ ഈ തറവാടിന്റെ അംഗങ്ങളായതുകൊണ്ടാണ്.

പത്മശ്രീ എം.കെ. മാത്തുള്ള (കുഞ്ഞൻ പാപ്പി) കണ്ടത്തിൽ കുടുംബത്തിന്റെ ആദ്യകാല അഭിമാനഭാജനം. കർത്താലിൽ കണ്ടത്തിൽ മാത്തുള്ളേച്ചന്റെ സീമന്തപുത്രനായി 1907 ൽ ജനിച്ച അദ്ദേഹം ആലുവ യു.സി. കോളജിലെ പഠനത്തിനുശേഷം UKയിലെ വെയിൽസിൽ നിന്നും ACA, FCA ബിരുദങ്ങൾ നേടി. 1951ൽ Sindhri Fertilizers ന്റെ Managing Director ഉം Hindustan Machine and Tools (HMT) ന്റെ Managing Director ഉം ആയി. കളമശേരിയിലെ HMT Factory ഉൾപ്പെടെ നിരവധി യൂണിറ്റുകൾ രാജ്യമെങ്ങും വ്യാപിപ്പിച്ചു. വ്യാവസായിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തെ രാജ്യം പത്മശ്രീ ബഹുമതി നൽകി ആദരിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഏറെ ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദിൽനിന്നും അവാർഡ് വാങ്ങുന്ന ചിത്രം കണ്ടത്തിൽ കുടുംബചരിത്രം English Version Page 79 ൽ കൊടുത്തിട്ടുണ്ട്. 2007 ൽ പബ്ലിഷ് ചെയ്ത നമ്മുടെ Directory യിൽ 'Do you Know' എന്ന സെക്കന്റ് പേജിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. **"Shri. M.K. Mathulla, Koyippurath Kandathil, the founder of HMT was the first member of our family to be conferred with 'Padma Shree'. The Prime Minister of India Shri. Jawaharlal Nehru described him as the ablest technocrat in the Public sector'**


**നമ്മുടെ ചരിത്രം തുടങ്ങുന്നത് നാം ജനിക്കുന്നതിന് മുമ്പാണ്. നമ്മുടെ വംശത്തിന്റെ പാരമ്പര്യ സ്വാധീനങ്ങളെ നാം പ്രതിനിധീകരിക്കുന്നു. നമ്മുടെ പൂർവികർ ഫലത്തിൽ നമ്മിൽ ജീവിക്കുന്നു.**


●●

## കണ്ടത്തിൽ കുടുംബയോഗം ബുള്ളറ്റിൻ കമ്മിറ്റി അംഗങ്ങൾ


കെ. സി. ഫിലിപ്
(പ്രസിഡന്റ്)


ദിലീപ് മാത്തുള്ള
(സെക്രട്ടറി)


പ്രഫ. ഡോ. വറുഗീസ് മാത്യു
(എഡിറ്റർ)


അജിത് ജോർജ്


ആശാ മോർലി


ഷൈനി റോക്കി

# 132–ാം കുടുംബയോഗം
## – മനസ്സിന്റെ ചെപ്പിൽ സൂക്ഷിക്കാൻ ഒരു കുടുംബസംഗമംകൂടി



**ജെസി കാക്കോളിൽ**

അതിജീവനത്തിന്റെ പാതയിൽ രണ്ടുവർഷത്തെ ഇടവേളയ്ക്കുശേഷം വീണ്ടും ഒരു കണ്ടുമുട്ടൽ. ആത്മബന്ധങ്ങളാൽ വിളക്കിച്ചേർത്ത ആ ഇഴയടുപ്പം സാധ്യമാക്കിയ പ്രപഞ്ചസ്രഷ്ടാവിന് സ്തുതിസ്തോത്രങ്ങൾ ഉരുവിട്ടുകൊണ്ട് കണ്ടത്തിൽ കുടുംബാംഗങ്ങൾ 132-ാം കുടുംബസംഗമത്തിന് വേദിയായ കണ്ടത്തിൽ വർഗ്ഗീസ്മാപ്പിള നഗറിലേക്ക് (ചങ്ങനാശേരി കൊണ്ടൂർ റിസോർട്ട്)

ചെണ്ടമേളത്തിന്റെ അകമ്പടിയോടെ ക്രീമും മെറൂണും















കളർ ഹാഫ് സാരിയിൽ ആകർഷണീയമായി വസ്ത്ര ധാരണം ചെയ്ത് പ്രധാന കവാടത്തിൽ നിന്ന് മേടയിൽ അഷീറയുടേയും പുത്തൻപറമ്പിൽ നിവേദിതയുടേയും സ്വീകരണം ഏറ്റുവാങ്ങി ഹാളിൽ പ്രവേശിച്ച കുടുംബാം ഗങ്ങളുടെ ആവേശത്തിര. വേദി, സദസ്, രജിസ്ട്രേഷൻ കൗണ്ടറുകൾ, ഫുഡ് കൗണ്ടറുകൾ എല്ലാം അതിന്റെ ചുമതലക്കാരുൾപ്പെടെ തീം കളറിൽ അണിഞ്ഞൊരുങ്ങി വളരെ ഹൃദ്യമായ വരവേൽപ്പ്. രജിസ്ട്രേഷൻ പൂർത്തി യാക്കി രുചികരമായ പ്രഭാതഭക്ഷണവും ആസ്വദിച്ച് തീം കളർ ഡ്രസ് ധരിച്ചെത്തിയ കുടുംബാംഗങ്ങളുടെ കുശ ലം പറച്ചിലും പ്രസരിപ്പും. അതിനിടയിൽ പുതുമഠത്തിൽ ഷൈനി റോക്കിയുടെ ഇമ്പമാർന്ന അനൗൺസ്മെന്റ് ഏവരേയും പതാക ഉയർത്തൽ ചടങ്ങിലേക്ക് ആന യിച്ചു. കുടുംബയോഗം പ്രസിഡന്റ് ശ്രീ. കെ.സി. ഫിലിപ്പ് (തയ്യിൽ ശശിച്ചായൻ), സെക്രട്ടറി ദിലീപ് മാത്തുള്ള കർത്താലിൽ, കോർഡിനേറ്റർ ശ്രീ. മോഹൻ വർഗ്ഗീസ് മുളപ്പനേട്ട്, ഗവേണിംഗ് കൗൺ സിൽ അംഗങ്ങൾ മറ്റു കുടുംബാംഗങ്ങൾ എന്നി വരുടെ സാന്നിധ്യത്തിൽ കുടുംബയോഗം എംബ്ലം ആലേഖനം ചെയ്ത പതാക ഉയർത്തിയപ്പോൾ 132-ാം കുടുംബയോഗത്തിന് ഔദ്യോഗിക സമാരംഭം.

ഇനി പ്രധാന വേദിയിലെ ചടങ്ങുകളിലേക്ക്. പ്ലാന്തോട്ടത്തിൽ അന്നയും അഞ്ജുവും വളരെ







മനോഹരമായി ഇംഗ്ലീഷിൽ പ്രാർത്ഥനാഗാനം ആലപിച്ചപ്പോൾ എല്ലാവരും എഴുന്നേറ്റ് നിന്നു മൗനമായി അതിൽ പങ്കുകൊണ്ടു. നെടുമ്പ്രോത്തുപുരയ്ക്കൽ മറിയം എബ്രഹാം വിശുദ്ധ വേദപുസ്തകത്തിൽ നിന്നും കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം പതിമൂന്നാം അദ്ധ്യായം വായിച്ചത് കുടുംബാംഗങ്ങളിൽ സ്നേഹത്തിന്റെ പ്രഭ വിതറി.

"We are going to do the honour of our elders" വ്യത്യസ്തവും കരുത്തേറിയതുമായ പുരുഷ ശബ്ദം അടുത്ത ചടങ്ങിലേക്ക് ശ്രദ്ധ തിരിപ്പിച്ചു.

Welcoming Seniors - വിവിധ AIR LINES ൽ നിന്നും എത്തിയ പ്രതീതി ജനിപ്പിച്ച് Professional Dressing ഉള്ള നമ്മുടെ പെൺകൊടികൾ മുളപ്പനേട്ട് അജുമാ, ഇലഞ്ഞിമൂട്ടിൽ റിയാ, റോസ്, കാവുങ്കപ്പറമ്പിൽ നിഹിത, കാക്കോളിൽ അൽക്കാ, സോനു, സേറ, റിയ എന്നിവർ ഓരോ ശാഖയിലേയും മുതിർന്ന അംഗങ്ങളെ വരവേറ്റ് വേദിയിലേക്ക് ആനയിച്ചു. കർത്താലിൽ കെ.വി. മാത്തൻ (കുഞ്ഞുമോൻച്ചായൻ), വിളക്കുപാട്ടത്തിൽ ചടയമംഗലം മണീനേട്ടു മറിയാമ്മക്കൊച്ചമ്മ, വീട്ടിൽ കുടശ്ശനാട് പുല്ലാടിയിൽ ശ്രീ. കെ.ഐ. ജേക്കബ്




132nd kandathil kudumbayogam













(ജേക്കബ് കുട്ടിച്ചായൻ) പുറത്തേപ്പറമ്പിൽ ഗ്രേസിക്കൊച്ചമ്മ, മോണോത്ത് പുതുമഠത്തിൽ ലീലക്കൊച്ചമ്മ, നെടുമ്പ്രോത്ത് ശ്രീ. കെ.എം. ജോൺ (കുഞ്ഞച്ചായൻ) ഇവർ ഓരോ ശാഖയെയും പ്രതിനിധീകരിച്ചുള്ള ദീപം തെളിയിച്ചപ്പോൾ പ്രസിഡന്റും സെക്രട്ടറിയും കൺവീനറും ചേർന്ന് പ്രധാനദീപം തെളിയിച്ചു. വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നു നാളങ്ങൾ അന്തരീക്ഷത്തിൽ അമർന്ന് എല്ലാ പൂർവികരുടേയും അനുഗ്രഹാശിസുകൾ ഏറ്റുവാങ്ങി. കണ്ണിനു വിരുന്ന്; മനസ്സിന് കുളിർമ.

കാക്കോളിൽ ആൻ മാത്യു ദൃഢസ്വരത്തിൽ പ്രതിജ്ഞ ചൊല്ലിയതു കുടുംബാംഗങ്ങൾ ഏക സ്വരത്തിൽ ഏറ്റു പറഞ്ഞു. “നമ്മൾ ഒരേ രക്തം; നമുക്ക് ഒരേ ശബ്ദം”

സെക്രട്ടറി ദിലീപ് മാത്തുള്ള കർത്താലിൽ നടത്തിയ ഹ്രസ്വവും ഘനഗംഭീരവുമായ സ്വാഗത പ്രസംഗത്തിൽ **പരിശുദ്ധ പരുമല തിരുമേനിയുടെ പ്രാർത്ഥനയോടെ 132 വർഷം മുമ്പ് കണ്ടത്തിൽ വറുഗീസ് മാപ്പിള ആരംഭിച്ച കുടുംബയോഗം** എന്ന പരാമർശം





വന്നപ്പോൾ ദൈവകൃപയുടെ പരിപാലനം ഏവരേയും സ്പർശിച്ചതു പോലെ.

പുത്തൻപറമ്പിൽ പൊന്നിയുടെ “നിന്നോടെൻ ദൈവമേ, ഞാൻ ചേരട്ടെ” എന്ന ഈരടികളോടെ ആരംഭിച്ച് കാക്കോളിൽ പ്രഫ. ഡോ. വർഗ്ഗീസ് മാത്യു അർപ്പിച്ച സ്മരണാഞ്ജലിയിൽ (Necrology) കാലയവനികയ്ക്കുള്ളിൽ മൺമറഞ്ഞ നമ്മുടെ 25 കുടുംബാംഗങ്ങളേയും അവരുടെ സ്നേഹ പ്രവൃത്തികളെയും ഓർത്തെടുത്ത് ഒരു ചരടിൽ കൊരുത്തത് ഏവരുടേയും കണ്ണുകൾ ഈറനാക്കി. കർത്തൃസന്നിധിയിൽ സജീവരാ









യിരിക്കുന്ന നമ്മുടെ വാങ്ങിപ്പോയവരെ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ പാർപ്പിക്കണമേ എന്ന് മോണോത്ത് ബീനയോടൊപ്പം ഏവരും ചേർന്ന് പാടി. പ്രസിഡന്റ്, സെക്രട്ടറി, ജനറൽ കോർഡിനേറ്റർ എന്നിവർ ചേർന്ന് സമർപ്പിച്ച പുഷ്പചക്രവും ഓരോരുത്തർക്കും വേണ്ടി 'സ്വർണ്ണക്കൂട്ടിൽ' തീർത്ത ദീപവും സമർപ്പിച്ചത് ഹൃദയത്തെ തൊട്ടുണർത്തി.

പിതാമഹന്മാരെയും ഇതിനു മുൻപ് അദ്ധ്യക്ഷപദവി അലങ്കരിച്ച ഏവരേയും സ്മരിച്ചുകൊണ്ട് പ്രസിഡന്റ് ശ്രീ. കെ.സി. ഫിലിപ്പ് തയ്യിൽ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ 'കുടുംബത്തിലെ വിശുദ്ധൻ' എന്നറിയപ്പെടുന്ന തയ്യിൽ കെ.സി. ചാക്കോയുടെ (കുട്ടിച്ചാ

























യൻ) 75-ാം ചരമശതാബ്ദി തിരുമൂല പുരത്ത് നടത്തിയത് അനുസ്മരിച്ചു.

2019-2020, 2020-2021, 2021-2022

ഈ മൂന്ന് അക്കാദമിക വർഷങ്ങളിലെ Endowment Prizes വിതരണം ചെയ്തത് അർഹതയ്ക്കുള്ള അംഗീകാരമായി. എൻഡോവ്മെന്റ് ഏർപ്പെടുത്തിയവർക്കുള്ള കൃതാർത്ഥതയും. അതു കുറ്റമറ്റ രീതിയിൽ കോയിക്കൽ വർഗീസ് മാത്യു കൈകാര്യം ചെയ്തത് അഭിനന്ദനാർഹവും. അതുപോലെ 2020, 2021, 2022 വർഷങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ കുടുംബാംഗങ്ങളെ അനുമോദിച്ചതും ആ മുഹൂർത്തം അവിസ്മരണീയമാക്കുവാൻ അവർക്ക് മെമന്റോകൾ നൽകിയതും സ്തുത്യർഹമാണ്.



വൈവിധ്യവും ആകർഷണീയവുമായി കുടുംബാംഗങ്ങളെ പൂർണമായും ഉൾക്കൊള്ളിച്ചു നടത്തിയ ഫാമിലി സെഷൻ എന്തുകൊണ്ടും ശ്രദ്ധേയ











മായി. കൂടത്തുംമുറിയിൽ സാജനും കാക്കോളിൽ സാറ സൂസൻ ഈപ്പനും ആണ് ഈ സെഷനു നേതൃത്വം നൽകിയത്. ഒരു ഷോട്ട് ബ്രേക്കിൽ മോഹൻ വർഗ്ഗീസ് മുളപ്പനേട്ട് നടത്തിയ ക്വിസും എല്ലാവരേയും ആകർഷിച്ചു. ഇതിനിടയ്ക്ക് ഫാൻസിഡ്രസ് മത്സരവും ഈ സെഷനു പാരലൽ ആയി ബൈബിൾ ക്വിസ്, ഫാമിലി ഐഡന്റിഫിക്കേഷൻ, ലൈറ്റ് മ്യൂസിക്, കളറിംഗ് ഫോർ കിഡ്സ് എന്നീ മത്സരങ്ങൾ സൈഡ് ഹാളിലും നടത്താൻ ഇടയായത് തീർച്ചയായും ഭാരവാഹികളുടെ സംഘടനാപാടവം തന്നെ. കല്ലുപ്പാറ, കവിയൂർ പള്ളികളിൽ നടന്ന വിശുദ്ധ കുർബാനയ്ക്കും ധൂപപ്രാർത്ഥനയ്ക്കും ശേഷം നടന്ന ഈ കുടുംബസംഗമത്തിന്റെ ജനറൽ സെഷൻ ബിസിനസ് മീറ്റിംഗ് നടത്തി പൂർത്തിയാക്കിയശേഷം എല്ലാവരും മൃഷ്ടാന്നഭോജനത്തിനായി ഉച്ചഭക്ഷണ കൗണ്ടറുകളിലേക്ക്.

രണ്ടുവർഷം ഓൺലൈനിൽ ആയി മാത്രം നാം ആസ്വദിച്ച ചാപ്റ്ററുകളുടെ നേതൃത്വത്തിലുള്ള സ്റ്റേജ് ഷോകളുടെ ആഹ്ലാദത്തിമർപ്പിലേക്ക് വീണ്ടും മെയിൻ ഹാളിൽ.



ഒന്നിനൊന്ന് മെച്ചമായി പ്രോഗ്രാമുകൾ നടത്തിയ ബാംഗ്ലൂർ, കോട്ടയം, തിരുവല്ല, എറണാകുളം ചാപ്റ്റേഴ്സ് പ്രശംസയർഹിക്കുന്നു. ബാംഗ്ലൂർ ചാപ്റ്ററിന്റെ പ്രായഭേദമന്യേയുള്ള ഡാൻസുകളും കോട്ടയം ചാപ്റ്ററിന്റെ കോവിഡാനന്തര സൊസൈറ്റിയുടെ പരിച്ഛേദാവതരണവും ഇന്നത്തെ തലമുറ. ആൺ-പെൺ പ്രായവ്യത്യാസമെന്യേ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അതിനിടയിലും നുറുങ്ങുവെട്ടം പോലെ ജീവിതം ആസ്വദിക്കുന്നവരേയും അവതരിപ്പി







ച്ചതും ശ്രദ്ധ നേടി.

നമ്മുടെ കുടുംബത്തിലെ സ്വാതന്ത്ര്യസമര സേനാനികൾക്ക് ശതകോടി പ്രണാമമർപ്പിച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടു ചേർന്ന പശ്ചാത്തലത്തിൽ വേറിട്ട ഒരു പ്രോഗ്രാം അവതരിപ്പിച്ച തിരുവല്ല ചാപ്റ്ററും വൈവിധ്യമാർന്ന ഡാൻസുകൾ ഇഴചേർത്ത് ഒരു “ഒരു നുണ കല്യാണം’ സ്കിറ്റിലൂടെ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റിയ എറണാകുളം ചാപ്റ്ററും എല്ലാ കുടുംബാംഗങ്ങൾക്കും കണ്ണിനും മനസ്സിനും വിരുന്നൊരുക്കി. സമ്മാനവിതരണത്തോടൊപ്പം ആഘോഷത്തിമർപ്പിൽ എല്ലാ ചാപ്റ്ററിൽനിന്നുമുള്ളവർ പങ്കുചേർന്നു.

*“Family isn’t a noun, it’s a verb, requiring action from each member to keep the whole afloat”*

ഈ കുടുംബസംഗമത്തിന്റെ ചെറുതും വലുതുമായ ഉത്തരവാദിത്തങ്ങൾ ഓരോന്നും ഏറ്റെടുത്ത് അത് വിജയകരമാക്കാൻ പ്രയത്നിച്ച ഓരോ ഗവേണിംഗ് കൗൺസിൽ അംഗത്തിനും നന്ദിയുടെ പൂച്ചെണ്ടുകൾ. വളരെ പ്രശംസനീയമായ വിധത്തിൽ ഈ പ്രോഗ്രാമുകൾ എല്ലാം കോർഡിനേറ്റ് ചെയ്ത മുളപ്പനേട്ട് മോഹൻ വർഗ്ഗീസിനെയും നേതൃത്വപാടവം ഒരിക്കൽ കൂടെ തെളിയിച്ച കുടുംബയോഗ സെക്രട്ടറി കർത്താലിൽ ദിലീപ് മാത്തുള്ളയെയും ശാന്തഗംഭീരമായി ഇതിന് ചുക്കാൻ പിടിച്ച തയ്യിൽ ശശിച്ചായനെയും കുടുംബാംഗങ്ങളോടൊപ്പം അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. സാന്നിധ്യ സഹായ സഹകരണംകൊണ്ടും പങ്കാളിത്തംകൊണ്ടും ഈ ദിനം അവിസ്മരണീയമാക്കിയ ഓരോരുത്തർക്കും കൃതജ്ഞതയുടെ നറുമലരുകൾ. 132-ാം കണ്ടത്തിൽ കുടുംബയോഗം മനസ്സിന്റെ ചെപ്പിൽ സൂക്ഷിച്ച് 133-ാം കുടുംബയോഗത്തിനായി പ്രാർത്ഥനയോടെ നമുക്ക് കാത്തിരിക്കാം. “Families are stuck together by love, so spread it around like glue.”



# From the General Co ordinator

Our 132nd Kudumbayogam was conducted on October 24th, 2022. We can proudly say that we were able to bounce back and conduct the Kudumbayogam in a grand manner after weathering the heavy storm which wreaked havoc for two years in the form of the dreaded Corona Virus.

However, we did not falter despite all odds and were able to conduct the Kudumbayogam in 2020 and 2021, as well via Zoom, including Chapter Programs from Canada and UAE.



The technical support for this was provided by the staff of Manorama Online.

This will go down in the annals of history of our Kudumbayogam as a significant achievement. I would like to convey my sincere gratitude to the President, Secretary, Governing Council members and all our family members for their wholehearted support for conducting the Kudumbayogam in a manner which all of us can be proud of.

**Mohan Varghese**










## **Ernakulam** Chapter










## **Ernakulam** Chapter
















## **Kottayam** Chapter



































## **Thiruvalla** Chapter

















## **Thiruvalla** Chapter















# **Bangalore** Chapter











# Achievements 2022 – 2023



**Mr. K.M. Mammen**, S/o. K.M. Mammen Mappillai, Thayyil, Karthalil Branch, is honoured with Automotive Tyre Manufacturers Association Lifetime Achievement award.



**Dr. K.M. Abraham**, S/o. K.A. Mathew Mappillai, Maniyanettu, Vilakkupattathil branch, has completed 42 Km London Marathon.




**Dr. Jacob Eapen**, S/o. K.C. Eapen, Moolamuriyil, Monothu Branch is honoured with US Health Care Excellence Award by Asianet News.



**Mr. Joseph George** S/o. K.E. George, Mulappanettu, Vilakkupattathil Branch is elected President, Kadavanthra Panorama Residency Welfare Association, Kochi.




**Ms. Mariam Mammen Mathew**, W/o. Jayanth Mammen Mathew, Thayyil, Karthalil branch is elected member Supervisory Board of Directors – VAN INFRA.




**Ms. Annette Philip**, D/o. K.P. Philip, Purackal, Nedumbroth branch, secured Grammy nomination for 'Shuruaat' under Best Global Music Album category.

# Missed beyond Measure-

## Left for their heavenly abode



**Mammen Eapen** (Kunjumon, 87 years) S/o. K.M. Eapen Thayyil, Karthalil branch passed away on 3rd November 2022, and was laid to rest at Kilpauk Cemetery Chennai on 5th November 2022.




**Thomas Koshy** (Biju, 58 years) S/o. K.C. Koshy, Elenjimoottil, Karthalil Branch passed away on 3rd January 2023 and was laid to rest at Jacobite Church Cemetery Trichur on 5th January 2023.



**Mariamma Oommen** (Ammini, 87 years) W/o. K.A. Oommen, Manianettu, Vilakkupattathil Branch, passed away on 21st November 2022 and was laid to rest at I.C. Church Cemetery, Boriville, Bombay on 24th November 2022.



**Mathew Jacob** (Arul, 52 years) s/o. K. Jacob Mathew, Plamthottathil , Vilakkupattathil Branch passed away on 12th January 2023 and was laid to rest at St. George Orthodox Valiayapally Cemetery, Chungathara on 13th January 2023.



**Karun Philip** (56 years) S/o. Mammen Philip Thayyil, Karthalil Branch, passed away on 13th December 2022, and was laid to rest at Chennai on 14th December 2022.



**Mariamma Varghese** (80 years) D/o. K.P Ninan Puthenpurayil, Veettil Branch, passed away on 31st January 2023 and was laid to rest in USA.



**K. Jacob Mathew** (Kunju, 87 years) S/o. K.M. Jacob, Plamthottathil, Vilakkupattathil Branch, passed away on 31st December 2022, and was laid to rest at St. George Orthodox Valiyapally Cemetery, Chungathara on 1st January 2023.



**K.K. Cheriyan** (Thampi, 96 years), S/o. K.V. Koshy, Mulappanettu, Vilakkupattathil Branch, passed away on 10th February 2023 and was laid to rest at St. Mary's Orthodox Cathedral, Elamkulam Cemetery on 12th February 2023.



**Gracy Kuruvilla** (77 years), D/o. K.P. Ninan, Puthen purayil, Veettil Branch, passed away on 2nd March 2023, and was laid to rest at Emmanuel Marthoma Church Cemetery, Eraviperoor on 5th March 2023.

---



**Dr. K.C. Kurian** (Reghu, 77 years), S/o. K.P. Cheriyan, Thayyil, Karthalil Branch, passed away on 5th April 2023 and was laid to rest at St. Mary's Orthodox Cathedral Cemetery, Chittoor Road, Ernakulam on 8th April 2023.

---



**Mathulla John** (Sunil, 65 years), S/o. K.M. John, Karthalil, Karthalil Branch, passed away on 10th April 2023 and was laid to rest at St. Thomas Orthodox Valiyapally Cemetery Umayattukara on 12th April 2023.

---



**Mariamma Mathew** (Kochumariyamma, 83 years), D/o. K.V. Varghese, Mulappanettu, Vilakkupattathil Branch, passed away on 17th April 2023 and was laid to rest at St. Thomas Marthoma Church Cemetery, Thevally on 19th April 2023.

---




**Ajoy Mathew** (55 years) S/o. K.P. Pothen, Puthenpurayil, Veettil Branch, passed away on 23rd April 2023, and was laid to rest at St. George Orthodox Church Cemetery, Trivandrum on 25th April 2023.




**Sarasu Varghese** (90 years), W/o. K.V. Varghese, Mulappanettu, Vilakkupattathil Branch, passed away on 24th April 2023 and was laid to rest at St. Mary's Orthodox Church cemetery, Vallamkulam on 25th April 2023.

---



**Accamma Kuruvilla** (Accakutty, 95 years) D/o. K.M. Oommen Thayyil, Karthalil Branch, passed away on 1st May 2023, and was laid to rest at Kilpauk Cemetery, Chennai on 2nd May 2023.

---




**Dr. K.I. Idiculla** (Argy, 75 years), S/o. K.I. Idiculla, Pazhayaparambil, Puratheparambil Branch, passed away on 24th May 2023 and was laid to rest at Trivandrum on 25th May 2023.

---




**Susy Titus** (92 years) D/o. Mariyamma Varghese and Grand daughter of K.M. Mammen, Plamthottathil, Vilakkupattathil Branch, passed away on 11th June 2023, and was laid to rest at Kilpauk Cemetery, Chennai on 12th June 2023.

---



**Aleyamma Abraham**, (71 years), W/o. K.A. Abraham, Pulladiyil, Veettil Branch passed away on 16th June 2023 and was laid to rest at St. Stephen's Orthodox Church Cemetery, Kudassanad on 19th June 2023.



**Mammen Varghese** (Aniyan, 92 years), S/o. K.V. Varghese, Koodathumuriyil, Manoth Branch, passed away on 18th June 2023 and was laid to rest at Covenant People's Cemetery, Chilamprakunnu on 19th June 2023.

---



**Molly Varghese Mappillai** (88 years), W/o. K.C. Varghese Mappillai, Karthalil, Karthalil Branch, passed away on 29th June 2023 and was laid to rest at St. Thomas Orthodox Valiyapally Cemetery, Umayattukara on 2nd July 2023.

---




**Gracy Eapen** (95 years), W/o. K.I. Eapen, Kakkolil, Veettil branch, passed away on 14th July 2023 and was laid to rest at Mar Jacob Burdhana Orthodox Church Cemetery, Karuvatta on 16th July 2023.

---



**Dr.Annie** (85 years), D/o. K.I. Varghese, Elanjimoottil, Karthalil branch, passed away on 26th August 2023 and was laid to rest at St. John's Church Tollgate Cemetery, Vellore on 30th August 2023.

---



**K.K. Koshy** (Kunju, 95 years), S/o. K.I. Koshy, Manianettu, Vilakkupatta-thil branch passed away on 16th October 2023 and was laid to rest at St. Mary's Orthodox Church Cemetery, Vallamkulam on 18th October 2023.

---



# Happily Ever After



**Joan Cherian**, D/o. K.E. Cherian & Jeemol, Manianettu, Vilakkupattathil Branch, married to **George Jovial Varghese**, S/o. Varghese George & Elizabeth George, Madathethu, Bedhanya, Manjadi, Thiruvalla, at St. Thomas Marthoma Church, Thiruvalla on 14th November 2022



**Jent Philip Mathew**, S/o. V.K. Philip & Daisy, Veettil, Veettil Branch, married **Triveni**, D/o. Thyagaraj & Dhanalakshmi, Bangalore at Goldtinch Hotel & Resorts, Bangalore on 04th December 2022.



**Aswin K. Kurien**, S/o. Alex Kurien & Susha, Plamthottathil, Vilakkupattathil Branch married **Dr. Angel Elsa**, D/o. Rev. T.A. Varghese & Jessy. Providence, Citizen Nagar, Thiruvalla at Loyal convention centre, Eraviperoor, Thiruvalla on 4th January 2023.



**Maria A. Pothen**, D/o. Ajith Pothen Alex & Simmy Puthenpurayil, Nedumbroth Branch, married to **John** S/o. Juju Thanikal & Rose, Kodenkandeth, Ernakulam at St. Mary's Cathedral Basilica, Ernakulam on 19th January 2023.



**Reuben Mathew**, S/o Mathew & Dolly, Mulappanettu, Vilakkupattathil Branch, married to **Sara** D/o Jimmy & Julie, Chackalakkal, Panampilly Nagar, Kochi, on 22nd January 2023 at St.Mary's Orthodox Church, Vallamkulam, Thiruvalla.



**Nia Ann Mathew**, D/o. Mathew Jacob & Nitha, Plamthottathil, Vilakkupattathil Branch married **Jaison Joseph** S/o. Joseph Antony & Mercykutty, Pakalomattom, Aravakkal, Puthen-parambu House, Trikodithanam at St. Xavier's Forane Church, Changanassery on 25th January 2023



**Rohan Paul Philip**, S/o. Dr. Anil K. Philip & Dr. Renu, Puthenpurayil, Veettil branch, married to **Nishitha**, D/o. Jikku & Anitha, Meleth, Kallisery, Chengannur at St. Stephen's Orthodox Church, Kattode, Thiruvalla on 11th February 2023



**Ann Jacob Eapen**, D/o. Jacob Eapen & Anila, Kaccolil, Veettil Branch married to **Atul Varghese Abraham**, S/o. Abraham Varghese & Annie, Ambat House, Ulloor, Thiruvananthapuram at Immanuel Marthoma church, Trivandrum on 15th April 2023.



**Zania Susan Pothen**, D/o. Pothen K. Thomas & Sheilu, Puthenpurayil, Nedumbroth Branch, married to **Jason G. Pickle** S/o. James & Joanne, USA on 05th June 2023 at St. Mark's Cathedral, Bangalore.



**K.Z. John**, S/o Zachariah Kuriyan & Reenu Zachariah, Thayil, Karthalil branch married to **Kripa Mary Philip**, D/o Mr. Philip Kuruvilla & Beena Philip, Thenmalil, Thammanam, Ernakulam at Mar Elia Cathedral, Kottayam on 16th September 2023.




















KANDATHIL VARGHESE MAPPILLAI NAGAR